*26.05.2016*

**പ**ശ്ചിമകൊച്ചിയിലെ പാണ്ടിക്കുടിയിൽ അജന്ത തീയറ്ററിനു സമീപം എൽ.ജി.പി. റോഡരികിലെ പുറമ്പോക്കിൽ നരകജീവിതം അനുഭവിക്കുന്ന ശാന്തിനിയുടെ വാർത്ത വായിച്ചതിനെ തുടർന്ന് മേയറും സ്ഥലം കൗൺസിലർ ബെനഡിക്ട് ഫർണാണ്ടസും ഈ സ്ഥലം സന്ദർശിക്കുകയും ശാന്തിനിയുടെ ദയനീയാവസ്ഥ നേരിട്ട് കണ്ടു മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് ഇവരുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് മേയർ അറിയിച്ചു. ശാന്തിനിയുടെ സമ്മതത്തിനായി കാത്തിരിക്കുന്നു.



*09.05.2016*

**കൊ**ച്ചി മുനിസിപ്പൽ കോർപ്പറേഷൻ കോൺട്രാക്ടർമാരുടെ ടെണ്ടർ ബഹിഷ്ക്കരണ സമരവുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളിൽ വന്ന വാർത്ത തീർത്തും വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണ പരത്തുന്നതുമാണ്. 2015–2016 സാമ്പത്തിക വർഷത്തിൽ മൊത്തം 44 കോടി രൂപ കരാറുകാർക്കായി നൽകിയിട്ടുണ്ട്. 2015 നവംബർ 18ന് അധികാരത്തിൽ വന്ന ഈ കൗൺസിലിന്റെ 6 മാസത്തെ പ്രവർത്തനകാല യളവിൽ തന്നെ 18 കോടിയോളം രൂപ കോൺട്രാക്ടർമാർക്കായി ഇതിനകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ, ഈ സാമ്പത്തിക വർത്തെ ആദ്യമാസത്തിൽ തന്നെ 1.5 കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഇത്രയും ചുരുങ്ങിയ കാലയളവിള്ളിൽ ഇത്രയും വലിയ തുക വിവിധ പ്രവർത്തനങ്ങൾക്കായി കോൺട്രാക്ടർമാർക്ക് നൽകിയിരിക്കുന്നത്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണപ്രവർത്തനങ്ങളും ഡിവിഷനുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും മറ്റ് പ്രധാനപ്പെട്ട പദ്ധതികളുടെ നടത്തിപ്പും പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി നടന്നു വരുന്ന ഈ കാലഘട്ടത്തിൽ വസ്തുതകൾക്ക് നിരക്കാത്ത തരത്തിലുള്ള ഇത്തരം പ്രസ്താവനകളും സമര പ്രഖ്യാപനങ്ങളും ആരുടെ ഭാഗത്ത് നിന്നുണ്ടായാലും അത്

അഭികാമ്യമല്ല. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മെയിൻ ഓഫീസ് ബിൽഡിംഗ് നിർമ്മാണം ഏറ്റവും ശുഷ്കാന്തിയോടുകൂടി സമയബന്ധിതമായി തന്നെ പൂർത്തീകരിക്കേണ്ടത് ഈ നഗരത്തിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യമാണിത്. അതുകൊണ്ടു തന്നെ ധ്രുതഗതിയിൽ നടന്ന് വരുന്ന ഈ പ്രവർത്തനത്തിന് എതിരായ യാതൊരു നീക്കവും പ്രസ്താവനയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രോത്സാഹിപ്പിക്കുന്നതല്ല.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിൽ നടന്നുവരുന്ന എല്ലാ പദ്ധതി നടത്തിപ്പ് പ്രവർത്തനങ്ങളുടേയും നിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ അടുത്ത് തന്നെ നിലവിൽ വരുത്തുന്നതിനുള്ള ഊർജ്ജിത ശ്രമത്തിലാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.